# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5891

30-07-2015-ൽ മറുപടിക്ക്

## കൊച്ചി കപ്പൽ നിർമ്മാണ ശാലയുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. സി.കെ.സദാശിവൻ<br>ശ്രീ. എ.എം.ആരിഫ് | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കൊച്ചി കപ്പൽ നിർമ്മാണശാലയുടെ പ്രവർത്തനശേഷിക്കനുസരിച്ച് നിർമ്മാണ ഓർഡർ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടോ യെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദ മാക്കാമോ ; | (എ) | ഉണ്ട്. ഇന്ത്യൻ നാവികസേനയ്ക്ക് വേണ്ടി തദ്ദേശ നിർമ്മിത വിമാനവാഹിനിക്കപ്പലും ഇന്ത്യൻ തീരസംരക്ഷണ സേനയ്ക്ക് വേണ്ടി അതിവേഗ പട്രോളിംഗ് നൗകകളുമാണ് കൊച്ചിൻ കപ്പൽശാല ഇപ്പോൾ നിർമ്മിച്ചു കൊണ്ടിരിക്കുന്നത്. തദ്ദേശ നിർമ്മിത വിമാനവാഹിനിക്കപ്പലിന്റെ ഒന്നാം ഘട്ട നിർമ്മാണക്കരാർ 12/08/2013 ന് കപ്പൽ നീറ്റിലിറക്കിയത് വഴി പൂർത്തീകരിച്ചിരുന്നു. രണ്ടാം ഘട്ടത്തിനുള്ള കരാർ 16/12/2014 നാണ് ഒപ്പ് വച്ചിരിക്കുന്നത്. 2016 ഡിസംബർ മാസത്തോടുകൂടി ഡീസൽ ആൾട്ടർനേറ്റർ സെറ്റുകളുടെ തുറമുഖ പരിശോധനകളുടെ പൂർത്തീകരണമാണ് രണ്ടാം ഘട്ട കരാർ വിഭാവനം ചെയ്യുന്നത്. 20 അതിവേഗ പട്രോളിംഗ് നൗകകൾ നിർമ്മിച്ച് നൽകുന്നതിനുള്ള കരാർ ഇന്ത്യൻ തീരസംരക്ഷണ സേനയുമായി 20/10/2010 ലാണ് ഒപ്പ് വെച്ചത്. 20/06/2012 ന് ആദ്യ നൗക നിർമ്മിച്ച് നൽകാനും 20/03/2017 ൽ അവസാനത്തെ നൗക നിർമ്മിച്ച് നൽകാനുമാണ് കരാർ. ഇതിൽ 13 അതിവേഗ പട്രോളിംഗ് നൗകകൾ ഇതിനകം നിർമ്മിച്ച് നൽകി കഴിഞ്ഞു. അബുദാബി ആസ്ഥാനമായുള്ള M/s. NPCC യുമായി ജാക്കറ്റ് ലോഞ്ച് ബാർജ് നിർമ്മിക്കുന്നതിനും |

കൊച്ചിൻ കപ്പൽശാല കരാർ ഒപ്പ് വെച്ചിട്ടുണ്ട്. 20/07/2016 ന് നിർമ്മിച്ച് നൽകാനായിട്ടാണ് 05/01/2015 ൽ ഒപ്പ് വെച്ച കരാറിൽ തീരുമാനിച്ചിരിക്കുന്നത്. അതിന്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കൊച്ചി നഗരസഭയ്ക്ക് വേണ്ടി റോ-റോ ഫെറി വെസ്സൽ നിർമ്മിക്കുന്നതിനുള്ള കരാറും 02/03/2015 ന് കൊച്ചിൻ ഷിപ്പ്യാർഡ് ഒപ്പ് വെച്ചിട്ടുണ്ട്. വ്യാവസായിക അടിസ്ഥാനത്തിലുള്ള കപ്പലുകളും യുദ്ധകപ്പലുകളും നിർമ്മിക്കുന്നതിനുള്ള അധികശേഷിയും പ്രാപ്തിയും ഇപ്പോൾ കൊച്ചിൻ കപ്പൽശാലയ്ക്കുണ്ട്.

**(ബി)** കപ്പൽ നിർമ്മാണ രംഗത്തെ ആവശ്യകതക്കനുസരിച്ച് കൊച്ചി കപ്പൽ നിർമ്മാണ ശാലയിൽ ഓർഡർ ലഭ്യമാക്കാൻ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

**(ബി)** കൊച്ചിൻ കപ്പൽശാല ഒരു കേന്ദ്ര പൊതു മേഖലാ സ്ഥാപനമായതിനാൽ ഭാരത സർക്കാരിന്റെ കീഴിലുള്ള ഷിപ്പിംഗ് മന്ത്രാലയത്തിന് കീഴിലാണ്. ആയതിനാൽ സംസ്ഥാന സർക്കാരിന് കപ്പൽശാലയുടെ പ്രവർത്തനങ്ങളിൽ ഇടപെടുന്നതിന് പരിമിതിയുണ്ട്. ആൻഡമാൻ നിക്കോബാർ അഡ്മിനിസ്ട്രേഷന് വേണ്ടി രണ്ട് 1200 pax വെസ്സലുകളും ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷന് വേണ്ടി രണ്ട് 500 pax വെസ്സലുകളും നിർമ്മിക്കുന്നതിന് ഷിപ്പിംഗ് മന്ത്രാലയം കൊച്ചിൻ കപ്പൽശാലയെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. അന്തിമ വിലയും മറ്റ് നിബന്ധനകളും സംബന്ധിച്ച് SCI, ആൻഡമാൻ നിക്കോബാർ അഡ്മിനിസ്ട്രേഷൻ, കൊച്ചിൻ കപ്പൽശാല, ഷിപ്പിംഗ് മന്ത്രാലയം എന്നിവർ തമ്മിൽ ചർച്ചകൾ പുരോഗമിക്കുന്നു. ഷിപ്പിംഗ് കോർറേഷൻ ഓഫ് ഇന്ത്യയ്ക്ക് വേണ്ടി ഓഫ് ഷോർ സപ്പോർട്ട് വെസ്സലുകൾ നിർമ്മിക്കുന്നതിനും കൊച്ചിൻ കപ്പൽശാല ധാരണാപത്രം ഒപ്പു വെച്ചിട്ടുണ്ട്. ഭാരത സർക്കാരും ഷിപ്പിംഗ് മന്ത്രാലയവും കൊച്ചിൻ കപ്പൽശാലയ്ക്ക് ഓർഡറുകൾ ലഭിക്കുന്നതിന് വേണ്ടി ക്രിയാത്മകമായ എല്ലാ സഹകരണവും എപ്പോഴും നൽകിയിട്ടുണ്ട്.

(സി) പ്രതിരോധ മന്ത്രാലയത്തിൽ നിന്നും മറ്റ് മേഖലകളിൽ നൽകുന്ന ഓർഡറുകൾക്ക് ആനുപാതികമായി കൊച്ചിയിൽ ഇതര ഓർഡറുകൾ ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

(സി) ഉണ്ട്. ഇന്ത്യയിലെ മികച്ച കപ്പൽ നിർമ്മാണ ശാലകളിൽ ഒന്നായി കൊച്ചിൻ കപ്പൽ ശാലയെ കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം വിലയിരുത്തിയിട്ടുണ്ട്. രാജ്യത്തിന്റെ അഭിമാനമായ യുദ്ധക്കപ്പലായ തദ്ദേശ നിർമ്മിത വിമാനവാഹിനിക്കപ്പലാണ് ഇന്ത്യൻ നാവിക സേനക്ക് വേണ്ടി ഇപ്പോൾ കൊച്ചിൻ കപ്പൽശാല നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. രാജ്യത്ത് നിർമ്മിക്കുന്നതിൽവച്ച് ഏറ്റവും വലിയ യുദ്ധക്കപ്പലാണിത്. ഏകദേശം 19341 കോടി രൂപയാണ് ഇതിന്റെ നിർമ്മാണത്തിനായി വകയിരുത്തിയിരിക്കുന്നത്. കൂടാതെ ഇന്ത്യൻ തീരസംരക്ഷണ സേനയിൽ നിന്നും 20 അതിവേഗ പട്രോളിംഗ് നൗകകൾ നിർമ്മിക്കുന്നതിനുള്ള ഓർഡറും ലഭിച്ചിട്ടുണ്ട്. ഈ അതിവേഗ പട്രോളിംഗ് നൗകകൾ 33 knots വരെ വേഗമാർജ്ജിക്കാൻ ശേഷിയുള്ളവയാണ്.

സെക്ഷൻ ഓഫീസർ